## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 923 — 11.07.2016 -ൽ മറുപടിക്ക്

### ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ പണി പൂർത്തിയായ ശേഷവും നിശ്ചയിക്കപ്പെട്ട ഓഫീസുകൾ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിശ്ചയിച്ച 4 ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറുവാനുണ്ട്. പ്രസ്തുത ഓഫീസുകൾ ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറുന്നതിന് നേരിടുന്ന സാമ്പത്തിക തടസ്സം പരിഹരിക്കുമോ; | (ബി) | ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലെ കെട്ടിടങ്ങളുടെ ഇന്റീരിയർ പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് താലൂക്ക് ഓഫീസ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) താലൂക്ക് ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറുന്നതിന്റെ സാങ്കേതിക തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; ആയത് ഉടൻ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എത്ര മാസത്തിനകം മാറ്റുമെന്ന് വ്യക്തമാക്കുമോ? | (സി) | താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ